ചിറക്



ഉള്ളടക്കം ..........................................................പേജ് നമ്പർ



| | |
|---|---|
| കവിത | 3 |
| ക്വിസ് | 4 |
| ചിത്രീകരണം | 5 |
| കവിത | 6 |
| ചിത്രീകരണം | 7 |
| കഥ | 8 |
| ചിത്രീകരണം | 9 |
| കവിത | 10 |
| ചിത്രീകരണം | 11 |
| ഉപസംഹാരം | 12 |

# അമ്മ

അമ്മയാണെൻ ശക്തി
അമ്മയാണെൻ ബലം
അമ്മയേക്കാൾ അമൂല്യമായ
വേറെന്തുണ്ട് ഈ ഭൂമിയിൽ
ദൈവമേ നന്ദി പറഞ്ഞീടുന്നു
നിൻ സ്നേഹസമ്മാനത്തിനായ്

സരിത

ചിറക്



SAHS4

# കിടപ്പിലായി

കുറുക്കനും കുറുക്കത്തീം കുടപിടിച്ച്
മഴയത്ത് മലകേറി വിരുന്നു പോയി
കുറുക്കനും കുറുക്കത്തീം വിരുന്നിനെത്തി
കറുമുറെ മൂക്കറ്റം കോഴിതിന്നു
കുറുക്കനും കുറുക്കത്തീം മടങ്ങും നേരം
കുടയെടുത്തിറങ്ങുവാൻ മറന്നുപോയി
കുറുക്കനും കുറുക്കത്തീം മഴനനഞ്ഞ്
പനിപിടിച്ചിരുവരും കിടപ്പിലായി

അബിൻ ജോസഫ്

ചിറക്

[redacted]



## കള്ളനെ നാടുകടത്തണം

*പിക്കപ്പോ എന്ന കഴുത അതിരാവിലെ നടക്കാനിറങ്ങിയതാണ്. അപ്പോഴതാ ഒരു കുറുക്കൻ സൈക്കിളിൽ പാഞ്ഞുവരുന്നു!.*

*പിക്കപ്പോ ചോദിച്ചു: "എന്താ, എന്തുപറ്റി?"*

*"മോഷണം...! കള്ളനെ എനിക്കറിയാം. തൊണ്ടിമുതലും എനിക്കു കിട്ടി." കുറുക്കൻ പറഞ്ഞു.*

*"എന്നിട്ട്?"*

*"തൊണ്ടിമുതൽ സുരക്ഷിതമായ സ്ഥലത്ത് എത്തിക്കണ്ടേ? പിന്നെ...മോഷ്ടിച്ചതിന് ശിക്ഷയായി കള്ളനെ നാടുകടത്തുകയും വേണം."*

*"ഹമ്പട! എങ്കിൽ ഞാനും വരാം, നാടുകടത്താൻ!" പിക്കപ്പോ സൈക്കിളിന്റെ പിന്നാലെ ഓടി.*

*"നാടുകടത്താൻ സഹായിക്കാനാണെങ്കിൽ എന്റെ കൂടെ വരണ്ട. ഇവിടെത്തന്നെ നിൽക്കണം!"*

*"ങേ... അതെന്താ?" പിക്കപ്പോ ഓട്ടം നിർത്തി. സൈക്കിൾ മുന്നോട്ടു പാഞ്ഞുപോയി. ദൂരെയെത്തിയപ്പോൾ കുറുക്കൻ വിളിച്ചുപറഞ്ഞു:*

*"അതേയ്... ഈ സൈക്കിളാണ് തൊണ്ടിമുതൽ. മോഷ്ടിച്ചതു ഞാനും! എന്നെ ഞാൻ തന്നെ നാടുകടത്തിയാലേ ഈ തൊണ്ടിമുതൽ സുരക്ഷിതമായ സ്ഥലത്ത് എത്തിക്കാൻ പറ്റൂ! ഹി...ഹി.."*

*കാളിദാസ്*

## വളഞ്ഞ കൊമ്പിൻ അറ്റത്ത്

**വളരെപ്പണ്ടൊരു കാലത്ത്**
**വഴിയേ പോയൊരു ചെമ്പോത്ത്**
**വളഞ്ഞുനീണ്ടൊരു കൊമ്പത്ത്**
**വേറുതേ കൊത്തിയ നേരത്ത്**
**വിളികേട്ടലോ അരികത്ത്**
**വിറച്ചു പോയി ചെമ്പോത്ത്**
**വളഞ്ഞ കൊമ്പിന്നറ്റത്ത്**
**വലിയൊരു കൊമ്പൻ മാമത്ത്**

ടോജോ

## ക്വിസ്

### _തലവന്മാരെക്കുറിച്ച്

1 സ്വതന്ത്ര ഭാരതത്തിന്റെ ആദ്യ രാഷ്ട്രരാഷ്ട്രപതി?

2 എത്ര വർഷത്തെ കാലാവധിയിലാണ് നാം പ്രസിഡന്റ് ിനെ തെരഞ്ഞെടുക്കുന്നത്?

3 നമ്മുടെ രാഷ്ട്രരാഷ്ട്രപതി താമസിക്കുന്ന കെട്ടിടത്തിന്റെ പേരെന്ത്?

4 തിരുച്ചിറപ്പള്ളി സെന്റ ജോസഫസ് കോളേജിലെ 1952-54 കാലത്തെ ഗ്രൂപ്പ് ഫോട്ടോയിൽ പിൽക്കാലത്തു പ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞനെയും കാണാം. പിന്നീട് അദ്ദേഹം രാഷ്ട്രരാഷ്ട്രപതിയുമായി. പേരു പറയാമോ?

5 ഇന്ത്യയുടെ ആദ്യത്തെ വനിതാ  പ്രസിഡന്റ്?

ഉത്തരങ്ങൾ

1 ഡോ. രാജേന്ദ്ര പ്രസാദ്

2.5

3.രാഷ്ട്രപതി ഭവൻ

4.ഡോ. എ പി ജെ കലാം

5. പ്രതിഭ പട്ടിൽ

-അതുൽ ഹരി

# നന്ദി

ലിറ്റിൽ കൈറ്റ്സിൻറെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് സഹായിച്ച ഹെഡ്മിസ്ട്രസ് , അദ്ധ്യാപകർ, കുട്ടികള്ക്കും നിറഞ്ഞമനസ്സോടെ നന്ദി അർപ്പിക്കുന്നു.